# മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് : ജില്ലയിലെ ബയോമെട്രിക് ക്യാമ്പ് ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ

ശ്രീകൃഷ്ണപുരം: കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന്റെ 2022-23 അധ്യയന വർഷത്തെ മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള പാലക്കാട് ജില്ലയിലെ പ്രൊഫഷനൽ, ടെക്നിക്കൽ കോളേജുകളുടെ സ്ഥാപനമേധാവിമാർ, നോഡൽ ഓഫീസർമാർ എന്നിവർക്കുള്ള നിർബന്ധിത ബയോമെട്രിക് ഓതന്റിക്കേഷൻ ക്യാമ്പിന്റെ രണ്ടാം ഘട്ടം ഓഗസ്റ്റ് 14, 15 തിയ്യതികളിൽ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ വെച്ചു നടക്കുമെന്ന് ജില്ലാ നോഡൽ ഓഫീസർ കൂടിയായ പ്രിൻസിപ്പാൾ ഡോ.കെ.മീനാക്ഷി അറിയിച്ചു.

എം.സി.എം സ്കോളർഷിപ്പിന് അർഹരായ ജില്ലയിലെ എല്ലാ പ്രൊഫഷനൽ, ടെക്നിക്കൽ കോളേജുകളിലെയും (എഞ്ചിനീയറിംഗ്, മെഡിക്കൽ, പാരാ മെഡിക്കൽ, നഴ്സിംഗ്, ഫാർമസി, ലോ, ചാർട്ടേഡ് അക്കൌണ്ടൻസി കോളേജുകൾ ഉൾപ്പടെ) സ്ഥാപന മേധാവിമാരും നോഡൽ ഓഫീസർമാരും നേരിട്ട് വന്ന് ബയോമെട്രിക് ഓതന്റിക്കേഷൻ പൂർത്തീകരിച്ചാൽ മാത്രമേ അപേക്ഷകരായ വിദ്യാർഥികളുടെ സ്കോളർഷിപ്പ് പരിശോധിക്കാൻ സാധിക്കുകയുള്ളൂ എന്ന് ന്യൂനപക്ഷമാന്ത്രാലായത്തിന്റെ അറിയിപ്പുണ്ട്. ഓഗസ്റ്റ് 9, 10, 11 തിയ്യതികളിൽ നടന്ന ഒന്നാം ഘട്ട ബയോമെട്രിക് കാമ്പിൽ പങ്കെടുത്ത് ഓതന്റിക്കേഷൻ വിജയകരമായി പൂർത്തീകരിച്ചവർ വീണ്ടും പങ്കെടുക്കേണ്ടതില്ല. ക്യാമ്പിൽ പങ്കെടുക്കേണ്ടവർ 9567055594 (ഫോൺ/വാട്സാപ്പ്) നമ്പരിൽ ബന്ധപ്പെട്ട് ആധാർ വിവരങ്ങൾ മുൻ കൂറായി കൈമാറേണ്ടതാണ്.